# വൈഗ കാർഷിക ശിൽപശാല സമാപിച്ചു

## ● കാർഷിക മേഖലയിലെ സാധ്യതകൾ കർഷകർക്കും യുവാക്കൾക്കും മനസ്സിലാക്കി കൊടുക്കാൻ ‘വൈഗ’ കൊണ്ട് കഴിഞ്ഞതായി സ്പീക്കർ

Madhyamam 01.01.18

**മണ്ണുത്തി:** കാർഷിക മേഖലയിൽ സംരംഭങ്ങളുടെ അനന്തസാധ്യതകൾ കർഷകർക്കും യുവാക്കൾക്കും മനസ്സിലാക്കി കൊടുക്കാൻ ‘വൈഗ’ കൊണ്ട് കഴിഞ്ഞതായി സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ. ‘വൈഗ 2017’ ശിൽപശാല സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൃഷിയെ ആശ്രയിച്ച് സധൈര്യം മുന്നോട്ട് പോകാൻ കർഷകർക്കുള്ള സാഹചര്യം കാർഷിക വരുമാനത്തിലുള്ള അസ്ഥിരത കാരണം കുറഞ്ഞിട്ടുണ്ട്. ഇതിനെല്ലാമുള്ള പ്രതിവിധിയാണ് ഉൽപന്നങ്ങളുടെ സംസ്കരണവും മൂല്യവർധനവും എന്ന് മനസ്സിലാക്കാൻ കഴിഞ്ഞുവെന്നും സ്പീക്കർ പറഞ്ഞു. മറ്റേത് മേഖലയെക്കാളും തൊഴിൽ സാധ്യത കാർഷിക മേഖലയിലാണുള്ളതെന്ന് അധ്യക്ഷത വഹിച്ച കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു.




*‘വൈഗ 2017’ ശിൽപശാല സമാപന സമ്മേളനം സ്പീക്കർ പി.ശ്രീരാമ കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു*

വ്യവസായ മന്ത്രി എ.സി. മൊയ്തീൻ പുരസ്കാരങ്ങൾ വിതരണം ചെയ്തു. കാർഷിക സർവകലാശാലയുടെ വിവിധ പ്രസിദ്ധീകരണങ്ങൾ വൈസ് ചാൻസലർ ഡോ ആർ. ചന്ദ്രബാബുവിന് നൽകി മന്ത്രി പ്രകാശനം ചെയ്തു. സി.എൻ. ജയദേവൻ എം.പി, മേയർ അജിത ജയരാജൻ, മുരളി പെരുനെല്ലി എം.എൽ.എ, ഡെപ്യൂട്ടി മേയർ ബീന മുരളി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഐ.എസ്. ഉമാദേവി, മാടക്കത്തറ പഞ്ചായത്ത് പ്രസിഡൻറ് പി.എസ്. വിനയൻ എന്നിവർ സംസാരിച്ചു. കൃഷിവകുപ്പ് ഡയറക്ടർ എ.എം. സുനിൽകുമാർ നന്ദി പറഞ്ഞു.